**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **07-10-2024 - ൽ മറുപടിയ്ക്ക്**

**ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം വ്യാപകമാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പ്രായോഗിക നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ വാർഷിക വില്പനയിൽ ഗണ്യമായ കുറവുണ്ടെന്ന് മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയിലും ഇക്കാര്യം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ആന്റിബയോട്ടിക്കിന്റെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>1) ഓപ്പറേഷൻ അമൃത് (OPERATION AMRITH-ANTIMICROBIAL RESISTANCE INTERVENTION FOR TOTAL HEALTH) എന്ന് നാമകരണം ചെയ്ത പദ്ധതി ഫലപ്രദമായ നടപ്പിൽ വരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06/01/2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത നമ്പറിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആയതു ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തുകയും, ഇന്റലിജൻസ് ബ്രാഞ്ച് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മേഖല കാര്യാലയങ്ങളിലെ ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് കൈമാറുകയും ചെയ്യുന്നു. ഡ്രഗ്സ് ഇൻസ്പെക്ടറിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് ഡ്രഗ്സ് കൺട്രോളർ വകുപ്പ്തല നടപടികൾ സ്വീകരിക്കുന്നു.<br><br>2) കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന കണ്ടെത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ റെയ്ഡുകൾ നടത്തുകയും വകുപ്പുതല നടപടികളുടെ ഭാഗമായി 295 ഷോകോസ് നോട്ടീസ് നൽകുകയും 52 ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>3) ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വയം ചികിത്സ, കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കാൻ എല്ലാ മെഡിക്കൽ ഷോപ്പുകൾക്കും വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>4) ആന്റിബയോട്ടിക്കുകൾ അവയുടെ ഉപയോഗം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങിയ നീലനിറത്തിലുള്ള കവറുകളിൽ വിതരണം ചെയ്യുന്നതിന് മരുന്ന് വ്യാപാരികൾക്ക് ഡ്രഗ്സ് കൺട്രോളർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മനുഷ്യരിലും വളർത്തുമൃഗങ്ങളിലും ആന്റിബയോട്ടിക് ഉപയോഗം കൂടി വരുന്നതായ പഠനങ്ങൾ പരിഗണിച്ച് പ്രസ്തുത വിഷയങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ;<br>വിശദമാക്കുമോ? | (സി) | കേരള സംസ്ഥാനം ആന്റിബയോട്ടിക് സാക്ഷര സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങളും, ജനങ്ങൾക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, ലബോറട്ടറി സർവെയലൻസ്, ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ, ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗം ഉറപ്പു വരുത്തുക, ഏകാരോഗ്യ രീതിയിൽ ആരോഗ്യ വകുപ്പിന് പുറമെ, മൃഗസംരക്ഷണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയവരുടെ സഹകരണത്തോടെ ഉള്ള പ്രവർത്തനങ്ങൾ കർസാപ്പ് പദ്ധതി വഴി നടന്നു വരുന്നു. ബ്ലോക്ക്/ ജില്ലാ തല എ.എം.ആർ കമ്മിറ്റികൾ എല്ലാ ഹെൽത്ത് ബ്ലോക്കുകളിലും ജില്ലകളിലും രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ അടക്കമുള്ള എ.എം.ആർ പ്രവർത്തനങ്ങൾ ഏകോപിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ഉളവാക്കുന്ന മഹാവിപത്തിനെക്കുറിച്ചും ആയത് തടയുന്നതിലേക്കായുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഔഷധ വ്യാപാരികൾക്കും രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്കും അവബോധം നൽകുന്നതിനായി, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനമൊട്ടാകെ ബോധവത്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.<br><br>കൂടാതെ, ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വയം ചികിത്സ ചെയ്യുന്നതും, കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കാൻ എല്ലാ മെഡിക്കൽ ഷോപ്പുകൾക്കും ഡ്രഗ്സ് കൺട്രോൾ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>മൃഗങ്ങൾ, പക്ഷികൾ, മൽസ്യങ്ങൾ, എന്നിവകളെ വളർത്തുന്ന ഫാമുകളിലെ ആന്റിബയോട്ടിക്ക് ദുരുപയോഗം പരിശോധിക്കുന്നതിനും തടയുന്നതിനുമായി "ഓപ്പറേഷൻ വെറ്റ് ബയോട്ടിക് "എന്ന പേരിൽ ഒരു ത്വരിത പരിശോധന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## <u>സംസ്ഥാനത്ത് ആന്റിബയോട്ടിക്കിന്റെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ</u>

- ഇന്ത്യയിൽ ആദ്യമായി ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP) രൂപീകരിച്ച സംസ്ഥാനമാണ് കേരളം (2018-ൽ). ആന്റിമൈക്രോബിയൽ പ്രതിരോധത്തിനെതിരെ പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം.
- ആന്റിമൈക്രോബിയൽ പ്രതിരോധം (AMR) നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് രാജ്യത്ത് എഎംആറിന്റെ തെളിവുകൾ സൃഷ്ടിക്കുന്നതിനായി ഗുണനിലവാരമുള്ള എഎംആർ നിരീക്ഷണ ഡാറ്റ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ AMR (ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്) സർവൈലൻസും കേരളത്തിൽ, KARSAP (കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) വഴി ആരംഭിച്ചിട്ടുണ്ട് .
- ഏകാരോഗ്യം എന്ന ആശയത്തിൽ ഊന്നി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഡ്രഗ്സ് കൺട്രോൾ മുതലായ ഡിപ്പാർട്ട്മെന്റുകളുടെ സംയോജിത പ്രവർത്തനമാണ് KARSAP -എ.എം.ആർ പ്രോഗ്രാം-ന്റെ ഭാഗമായി നടപ്പിലാക്കുന്നത്.
- കേരളത്തിലെ എ.എം.ആർ-ന്റെ വ്യാപ്തി, തോത്, നിരീക്ഷണം എന്നിവ കണക്കാക്കുന്നതിനായി കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ് വർക്ക് (കാർസ്-നെറ്റ്) സ്ഥാപിച്ച് ആയതിലൂടെ നാൽപ്പതിലധികം ലാബുകളുടെ എ.എം.ആർ സർവൈലൻസ് ഡാറ്റ ശേഖരിച്ചു വിശകലനം ചെയ്തു വരുന്നു.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് മൈക്രോബയോളജി വിഭാഗമാണ് ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് കർമ്മ പദ്ധതിയുടെ നോഡൽ സെന്ററായി പ്രവർത്തിച്ചു വരുന്നത്.
- 2021, 2022 വർഷങ്ങളിലെ സംസ്ഥാന ആന്റിബയോഗ്രാം (വിവിധ ആന്റി മൈക്രോബയലുകളിലേക്കുള്ള ബാക്ടീരിയയുടെ സംവേദനക്ഷമതയെ സംഗ്രഹിക്കുന്ന ഒരു പട്ടിക) പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- എറണാകുളം ജില്ലയുടെ 2022 ലെ ജില്ലാ തല ആന്റിബയോഗ്രാം പ്രസിദ്ധീകരിച്ചുകൊണ്ട് ആന്റിബയോട്ടിക് സാക്ഷര സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങളും, ജനങ്ങൾക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, ലബോറട്ടറി സർവെയലൻസ്, ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ, ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗം ഉറപ്പു വരുത്തുക, ഏകാരോഗ്യ രീതിയിൽ ആരോഗ്യ വകുപ്പിന് പുറമെ, മൃഗസംരക്ഷണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയവരുടെ സഹകരണത്തോടെ ഉള്ള പ്രവർത്തനങ്ങളും, ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിന് കീഴിൽ 12 ജില്ലാ എ.എം.ആർ ലാബ് പ്രവർത്തിക്കുന്നു. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ജില്ലാ തല എ.എം.ആർ ഹബ് ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ജില്ലാ തല എ.എം.ആർ ലാബുകളിൽ പ്രതിമാസം 10000 ത്തിലധികം സാമ്പിളുകൾ പരിശോധിച്ചു വരുന്നു.
- എ.എം.ആർ സാമ്പിളുകൾ നിലവിൽ ജില്ലകളിലെ 98 സ്പോക്കുകൾ വഴി ശേഖരിച്ച ജില്ലാ തല ഹബ് ലാബുകളിലേക്ക് ഹബ് & സ്പോക്ക് നെറ്റ് വർക്ക് വഴി എത്തിച്ചു പരിശോധിച്ചു വരുന്നു.
- ബ്ലോക്ക്/ജില്ലാ തല എ.എം.ആർ കമ്മിറ്റികൾ, എല്ലാ ഹെൽത്ത് ബ്ലോക്കുകളിലും/ ജില്ലകളിലും രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ അടക്കമുള്ള എ.എം.ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു.
- സർക്കാർ മേഖലയിലെ വിവിധ തലത്തിൽപെട്ട ആശുപത്രികൾ ആന്റിബയോട്ടിക് സ്മാർട്ട് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടത്തിൽ മുഴുവൻ പ്രാഥമിക ആരോഗ്യ

സ്ഥാപനങ്ങളും ആന്റിബയോട്ടിക് സ്മാർട്ട് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- കോഴിക്കോട് കക്കോടി കുടുംബാരോഗ്യ കേന്ദ്രം, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം എന്നിവ ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.
- കുറിപ്പടിയില്ലാതെയുള്ള ആന്റി ബയോട്ടിക്കുകളുടെ വിൽപ്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (AMRITH-Antimicrobial Resistance Intervention For Total Health) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.
- ഓപ്പറേഷൻ അമൃത് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06/01/2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
- കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ റെയ്ഡുകൾ നടത്തുകയും വകുപ്പുതല നടപടികളുടെ ഭാഗമായി 52 ലൈസൻസുകൾ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.
- ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് ഉളവാക്കുന്ന മഹാവിപത്തിനെക്കുറിച്ചും ആയത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഔഷധ വ്യാപാരികൾക്കും രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്കും അവബോധം നൽകുന്നതിനായി, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനമൊട്ടാകെ ബോധവത്കരണ ക്ലാസുകൾ നടത്തുന്നു.
- ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് വ്യാപാരികൾക്ക് ഡ്രഗ്സ് കൺട്രോളർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
- സ്വയം ചികിത്സ, കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കാൻ എല്ലാ മെഡിക്കൽ ഷോപ്പുകൾക്കും ഡ്രഗ്സ് കൺട്രോൾ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.
- ആന്റിബയോട്ടിക്കുകൾ അവയുടെ ഉപയോഗം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങിയ നീലനിറത്തിലുള്ള കവറുകളിൽ വിതരണം ചെയ്യുന്നതിന് മരുന്ന് വ്യാപാരികൾക്ക് ഡ്രഗ്സ് കൺട്രോളർ നിർദ്ദേശം നൽകിയിട്ടുണ്ട്.
- മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവകളെ വളർത്തുന്ന ഫാമുകളിലെ ആന്റിബയോട്ടിക്ക് ദുരുപയോഗം പരിശോധിക്കുന്നതിനും തടയുന്നതിനുമായി "ഓപ്പറേഷൻ വെറ്റ് ബയോട്ടിക്" എന്ന പേരിൽ ഒരു ത്വരിത പരിശോധന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തുകയും അനധികൃതമായി വെറ്ററിനറി മരുന്നുകൾ വിൽപ്പന നടത്തിയ രണ്ടു സ്ഥാപനങ്ങളിൽ നിന്നും 4 ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.
- എല്ലാ വർഷവും നവംബർ 18 മുതൽ 24 വരെ World Antimicrobial Resistance Awareness Week ആചരിക്കുന്നതിലൂടെ ആന്റിബയോട്ടിക്കിന്റെ അമിത ഉപയോഗം മൂലമുള്ള അപകടസാധ്യതകളെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം നൽകുവാൻ സാധിക്കുന്നു.
- ആന്റിബയോട്ടിക്കിന്റെ Over the counter ഉപയോഗം മൂലമുള്ള പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കും ഫാർമസിസ്റ്റുകൾക്കും അവബോധം സൃഷ്ടിക്കുന്നതിന് 'ആന്റിബയോട്ടിക്ക് ലിറ്ററേറ്റ് കേരള' സംരംഭത്തിന് കീഴിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- IEC (Information, Education, Communication) messages in Malayalam, IEC dossier in Malayalam എന്നിവ തയ്യാറാക്കി പുറത്തിറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ